വയനാട് ജില്ലയിലെ ശുദ്ധജല അക്വേറിയം

234(528) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ശുദ്ധജല അക്വേറിയം സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) പദ്ധതി സംബന്ധിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ഡി) ഫിഷറീസ് മേഖലയിൽ വയനാട് ജില്ലയിൽ പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വയനാട് ജില്ലയിലെ കാരാപ്പുഴ റിസർവോയർ പരിസരത്ത് ആർകെ. വിവെ-യുടെ ഫണ്ട് ഉപയോഗിച്ച് 735 ലക്ഷം രൂപ ചെലവ് വരുന്ന ഓർണമെന്റൽ ഫിഷറീസ് കോംപ്ലക്സ് എന്ന പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) മേൽപ്പറഞ്ഞ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഒരേക്കർ സ്ഥലം ഇറിഗേഷൻ വകുപ്പിന്റെ കീഴിലായതിനാൽ പ്രസ്തുത സ്ഥലം അനുവദിക്കുന്നതിനായി ഇറിഗേഷൻ വകുപ്പിനോടാവശ്യപ്പെട്ടിരിക്കുകയാണ്. സ്ഥലം വിട്ടു കിട്ടുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

(ഡി) വയനാട് ജില്ലയിൽ റിസർവോയർ ഫിഷറീസ് എന്ന പദ്ധതിയാണ് തുടർന്നുള്ള മൂന്ന് വർഷങ്ങളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി പ്രകാരം ജില്ലയിലെ റിസർവോയറുകളായ കാരാപ്പുഴ, ബാണാസുരസാഗർ എന്നിവിടങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും തുടർന്ന് സഹകരണ സംഘങ്ങൾ രൂപീകരിച്ച് അവയെ വിപണനം ചെയ്യുന്നു. ഈ പദ്ധതിപ്രകാരം റിസർവോയറുകളിലെ മത്സ്യസമ്പത്ത് വർദ്ധിക്കുന്നതോടൊപ്പം അനേകം സമീപവാസികൾക്ക് തൊഴിൽ സാധ്യതയും ലഭിക്കുന്നു. 2010-11 ൽ കാരാപ്പുഴ ബാണാസുരസാഗർ എന്നീ ജല സംഭരണികളിൽ 6.225 ലക്ഷം, 9.58 ലക്ഷം എന്നീ ക്രമത്തിൽ കട്ല, രോഹു, മൃഗാൽ, ഗ്രാസ്കാർപ്പ് എന്നീ ഇനങ്ങളിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള പദ്ധതി പുരോഗമിച്ചുവരുന്നു. 3-12-2010, 18-12-2010 എന്നീ തീയതികളിലായി കാരാപ്പുഴ, ബാണാസുരസാഗർ എന്നീ ജല സംഭരണികളിൽ 6.225 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly